**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5860** **25-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മൂല്യവർദ്ധിത ഉല്പന്ന വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മൂല്യ വർദ്ധിത ഉല്പന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കാർഷിക മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് കണ്ടെത്തുന്ന സ്ഥലം, 2008-ലെ തണ്ണീർതട നെൽവയൽ സംരംക്ഷണ നിയമത്തിന്റ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ പ്രദേശങ്ങൾ ആയിരിക്കണം. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമെ വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി കണ്ടെത്താൻ പാടുള്ളൂ. ഭൂമി കണ്ടെത്തിയ ശേഷം കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് ബിൽഡിംഗ് റൂൾ, മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും, റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ടടുത്ത വീട്ടിലേക്കുള്ള ദൂരം, തൊട്ടടുത്ത വസ്തുവിലേക്കുള്ള ദൂരം എന്നിവ പാലിക്കുകയും വേണം. മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ. ഭക്ഷ്യസംസ്കരണ മേഖലയിൽപ്പെട്ട സംരംഭങ്ങൾക്ക് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) രജിസ്ട്രേഷൻ/ലൈസെൻസ് കൂടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസും ആവശ്യമാണ്.<br><br>എന്നാൽ 2019ലെ കേരള എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് പ്രകാരം തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട- |

| | | | |
|---|---|---|---|
| | | | ഇടത്തരം സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനാനുമതി ഉൾപ്പെടെ മേൽപ്പറഞ്ഞ അനുമതികളിൽ, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് മൂന്നര വർഷത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 21.01.2020 ലെ സ. ഉ. (സാധാ) നം. 160/2020/ ത.സ്വ.ഭ.വ. അനുസരിച്ച് വ്യവസായ വകുപ്പിന്റെയും മലിനീകരണനിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള, 5 HP യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന നാനോ ഗാർഹിക സംരംഭങ്ങൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി എന്തൊക്കെ അനുമതികൾ ലഭ്യമാക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കാർഷിക മൂല്യവർദ്ധിത സംരംഭങ്ങൾ തയ്യാറാക്കുന്ന ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി ചരക്ക സേവന നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ (GST), ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിൽ നിന്നുള്ള ഇമ്പോർട്ടർ-എക്സ്പോർട്ടർ കോഡ് (IEC), കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ആവശ്യമുള്ള അനുമതികൾ/ ഗുണമേന്മാ സർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ